## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6272** **17-03-2023 - ൽ മറുപടിയ്ക്ക്**

### ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെൻറ് ,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 2022 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള കാലയളവിൽ ഒരു ശതമാനം അധിക പലിശ നൽകി സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ ഒരു ശതമാനം അധിക പലിശ നൽകി സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ 30.04.2022 ലെ സ.ഉ.(സാധാ)നം.290/2022/സഹ. പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥിരനിക്ഷേപങ്ങൾക്ക് പ്രസ്തുത സ്ഥാപനം നൽകുന്ന പലിശ നിരക്ക് നിലവിൽ എത്രയാണെന്ന് കാലയളവ് ഉൾപ്പെടെ വിശദമാക്കാമോ; | (ബി) | ഒരു വർഷത്തിൽ കൂടുതൽ കാലയളവിൽ സ്വീകരിക്കുന്ന സ്ഥിരനിക്ഷേപങ്ങൾക്ക് സാധാരണ പൗരന്മാർക്ക് 8.5% നിരക്കിലും മുതിർന്ന പൗരന്മാർക്ക് 9% നിരക്കിലും പലിശ നൽകി വരുന്നുണ്ട്. |
| (സി) | 2021-22 കാലയളവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവ് ഉണ്ടായെന്ന് അറിയിക്കുമോ; | (സി) | 2021-22 കാലയളവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപത്തിൽ 614.73 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | 31.03.2022 -ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപം എത്രയായിരുന്നുവെന്നും നിലവിൽ എത്രയാണെന്നും അറിയിക്കാമോ? | (ഡി) | 31.03.2022 ൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയുടെ സ്ഥിരനിക്ഷേപം 2015.14 കോടി രൂപയും നിലവിൽ (28.02.2023 ന്) 2255.37 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ